FIN. B2-10359/19.



# പരിശോധനാ കുറിപ്പ്

# പട്ടികജാതിവികസന ഓഫീസ്, ഇരിക്കൂർ ബ്ലോക്ക്

# കണ്ണൂർ ജില്ല

| | | |
|---|---|---|
| പരിശോധനാ കാലയളവ് | : | 01.04.2009 മുതൽ 31.03.2016 വരെ |
| പരിശോധനാ തീയതി | : | 18.02.2019 മുതൽ 23.02.2019 വരെ |
| പരിശോധനാ വിഭാഗം | : | ഫിനാൻസ്-സി & ഫിനാൻസ്-ഡി |
| ജൂനിയർ സൂപ്രണ്ട് | : | ശ്രീ. കൃഷ്ണകുമാർ. വി. എസ് |
| സീനിയർ ക്ലാർക്ക്, (ഹയർ ഗ്രേഡ്) | : | ശ്രീ. ഗോപകുമാർ. ബി. കെ |
| സീനിയർ സൂപ്രണ്ട് | : | ശ്രീ. സുദർശനൻ ആചാരി |
| സീനിയർ ക്ലാർക്ക് | : | ശ്രീ. നിദീഷ്. എം. എ |

## പരിശോധനാകാലയളവിൽ പട്ടികജാതി വികസന ആഫീസർ ആയിരുന്നവരുടെ പേരും കാലയളവും

| ക്രമ നം. | പേര് | കാലയളവ് | പെൻ നമ്പർ |
|---|---|---|---|
| 1 | ശ്രീ. പി. ജി. അശോകൻ | 01.01.2009 മുതൽ 03.03.2009 വരെ | - |
| 2 | ശ്രീ. സുകുമാരൻ | 03.03.2009 മുതൽ 02.12.2009 വരെ | - |
| 3 | ശ്രീ. മനോഹരൻ. കെ | 03.12.2009 മുതൽ 26.04.2011 വരെ | 666447 |
| 4 | ശ്രീ. സുഗുണൻ. സി. ബി | 27.04.2011 മുതൽ 30.09.2011 വരെ | - |
| 5 | ശ്രീ. മനോഹരൻ. കെ | 01.10.2011 മുതൽ 28.10.2011 വരെ | 666447 |
| 6 | ശ്രീ. ശ്രീനിവാസൻ. പി. വി | 29.10.2011 മുതൽ 19.07.2013 വരെ | 227205 |
| 7 | ശ്രീമതി. രാജിമ. എ. സി | 20.07.2013 മുതൽ 20.07.2015 വരെ | 372924 |
| 8 | ശ്രീ. സുനിൽ കുമാർ. എം. പി | 21.07.2015 മുതൽ 07.10.2015 വരെ | 227043 |
| 9 | ശ്രീ. ശ്രീജേഷ്. കെ | 08.10.2015 മുതൽ 10.11.2015 വരെ | 227317 |
| 10 | ശ്രീ. ഉണ്ണികൃഷ്ണപിള്ള | 11.11.2015 മുതൽ 04.05.2017 വരെ | 226301 |

## ഭാഗം I

## ആമുഖം

### (എ) ബ്ലോക്കിലെ സ്ഥിതി വിവരം

ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസറുടെ അധികാര പരിധിയിൽ ഇരിക്കൂർ, ഇരിട്ടി, പേരാവൂർ എന്നീ ബ്ലോക്ക് പഞ്ചായത്തുകളും മട്ടന്നൂർ, ഇരിട്ടി, ശ്രീകണ്ഠാപുരം എന്നീ നഗരസഭകളും ഉണ്ട്. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ, ഇരിക്കൂർ, എരുവാശ്ശേരി, മലപ്പട്ടം, പയ്യാവൂർ, കുറ്റ്യാട്ടൂർ, മയ്യിൽ, പടിയൂർ, ഉളിക്കൽ എന്നീ എട്ടു ഗ്രാമപഞ്ചായത്തുകളും ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ ആറളം, അയ്യൻകുന്ന്, കീഴല്ലൂർ, തില്ലങ്കേരി, കൂടാളി, പായം എന്നീ ആറു ഗ്രാമപഞ്ചായത്തുകളും പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ കാണിച്ചാർ, കേളകം, തൊഴിയൂർ, മുഴകുന്ന്, മാലൂർ, കേളയാട്, പേരാവൂർ എന്നീ ഏഴു ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടെ ആകെ 21 ഗ്രാമപഞ്ചായത്തുകൾ ആണ് ഉള്ളത്.

ഇരിട്ടി ബ്ലോക്ക് പട്ടികജാതി വികസന ആഫീസറുടെ അധികാര പരിധിയിലുള്ള ബ്ലോക്കുകളിലെയും നഗരസഭകളിലെയും പട്ടികജാതി ജനസംഖ്യ ചുവടെ ചേർക്കുന്നു.

| ബ്ലോക്ക് | കുടുംബങ്ങളുടെ എണ്ണം | ആകെ ജനസംഖ്യ | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|---|---|
| ഇരിക്കൂർ | 1109 | 4432 | 2376 | 2056 |
| ഇരിട്ടി | 824 | 3234 | 1615 | 1619 |
| പേരാവൂർ | 606 | 2360 | 1382 | 978 |
| ആകെ | 2539 | 10026 | 5373 | 4653 |

| നഗരസഭ | കുടുംബങ്ങളുടെ എണ്ണം | ആകെ ജനസംഖ്യ | സ്ത്രീകൾ | പുരുഷൻമാർ |
|---|---|---|---|---|
| ഇരിട്ടി | 161 | 605 | 315 | 290 |
| മട്ടന്നൂർ | 256 | 1011 | 606 | 405 |
| ശ്രീകണ്ഠാപുരം | 352 | 1500 | 819 | 681 |
| ആകെ | 769 | 3116 | 1740 | 1376 |

ഇരിക്കൂർ ബ്ലോക്ക് പരിധിയിൽ 14 കോളനികളും 4 സങ്കേതങ്ങളും, ഇരിട്ടി ബ്ലോക്കിൽ 7 കോളനികളും 7 സങ്കേതങ്ങളും പേരാവൂർ ബ്ലോക്കിൽ 4 കോളനികളും 5 സങ്കേതങ്ങളുമായി ആകെ 25 കോളനികളും 16 സങ്കേതങ്ങളും ഉണ്ട്.

ഇരിട്ടി നഗരസഭയിൽ ഒരു കോളനിയും മട്ടന്നൂർ നഗരസഭയിൽ 3 കോളനികളും 4 സങ്കേതങ്ങളും ശ്രീകണ്ഠാപുരം നഗരസഭയിൽ 12 കോളനികളും ഉൾപ്പെടെ ആകെ 16 കോളനികളും 4 സങ്കേതങ്ങളും ഉണ്ട്.

ബ്ലോക്കുകളിൽ 63 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരും 125 കുടുംബങ്ങൾ ഭവന രഹിതരമാണ്. 13 സങ്കേതങ്ങൾ വൈദ്യുതീകരിക്കാത്തതായുണ്ട്.

നഗരസഭ പരിധിയിൽ 32 കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരും 49 കുടുംബങ്ങൾ ഭവനരഹിതരുമാണ്. 7 സങ്കേതങ്ങൾ വൈദ്യുതീകരിക്കാത്തതായുണ്ട്.

വണ്ണാൻ, മലയൻ, പുലയൻ എന്നീ ജാതിവിഭാഗങ്ങളാണ് പട്ടികജാതി വിഭാഗക്കാരിൽ ഭൂരിപക്ഷവും. നാമ മാത്രമായ കൈവശ ഭൂമി മാത്രമാണ് കുടുംബങ്ങൾക്കുള്ളത്. ദിവസക്കൂലി അടിസ്ഥാനത്തിലുള്ള തൊഴിലുകളും അനുഷ്ഠാന കലാരൂപമായ തെയ്യം കലാകാരൻമാരുള്ള പ്രവർത്തനവുമാണ് പ്രധാന തൊഴിൽ മേഖലകൾ.

### (ബി) ഫീൽഡുതല പരിശോധന

പട്ടികജാതി വികസന വകുപ്പ് സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. എം. മുഹമ്മദ് ഹാരിസ് -ന്റെ നേതൃത്വത്തിൽ ഫീൽഡുതല പരിശോധന നടത്തിയിരുന്നു. ആയത് സംബന്ധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. **സ്വയംപര്യാപ്ത ഗ്രാമ പദ്ധതി**

ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ ടി പദ്ധതിയിൽ ഉൾപ്പെട്ട കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ പാവന്നൂർ മൊട്ട വള്ളുവൻ കോളനി സന്ദർശിച്ചു. ടി കോളനിയിലെ രണ്ട് റോഡുകൾ, കുഴൽക്കിണർ, വീടുകൾക്ക് ബയോഗ്യാസ് പ്ലാന്റ്, പമ്പ് ഹൗസ് നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും, ലൈബ്രറി കെട്ടിട നിർമ്മാണം, ശ്മശാന പുനരുദ്ധാരണം ഉൾപ്പെടെ 13 പ്രവർത്തികൾ പൂർത്തിയാക്കി ടി പദ്ധതി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

2. **പ്രീമെട്രിക് ഹോസ്റ്റൽ ശ്രീകണ്ഠപുരം**

ശ്രീകണ്ഠപുരം കൊട്ടൂരിലെ പ്രീമെട്രിക് ഹോസ്റ്റൽ സന്ദർശിച്ചു. ടി ഹോസ്റ്റൽ പുതുതായി പണിത സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ടി ഹോസ്റ്റലിൽ നിലവിൽ 13 വിദ്യാർത്ഥികൾ അന്തേ വാസികളായുണ്ട്. ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിച്ചു വരുന്നു. കുട്ടികളുടെ കിടപ്പുമുറി, സ്റ്റോർ റൂം, ഡൈനിംഗ് ഏരിയ, കിച്ചൺ എന്നിവ പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. സന്ദർശക ഡയറി പരിശോധിച്ചതിൽ, ജില്ലാ പട്ടികജാതി വികസന ആഫീസർ, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ പരിശോധന നടത്താറുള്ളതായി ബോദ്ധ്യപ്പെട്ടു. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഒരു കുഴൽക്കിണർ കുഴിച്ചെങ്കിലും അതിൽ നിന്നും ചെളിവെള്ളം വരുന്നതിനാൽ അത് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണുള്ളത്. ശുദ്ധജലം ലഭ്യമാക്കുന്നതിലേയ്ക്കായി നടപടി സ്വീകരിക്കേണ്ടതാണ്.

3. **പഠനമുറി നിർമ്മാണ ധനസഹായ പദ്ധതി**

ടി ധനസഹായം ഉപയോഗിച്ച് പഠനമുറി നിർമ്മാണം പൂർത്തീകരിച്ച താഴെപ്പറയുന്ന ഗുണഭോക്താക്കളും ഭവനം സന്ദർശിച്ചു.

1. വിസ്മയ, D/o. രവീന്ദ്രൻ. യു, ഉണ്ണീരിയെൻ ഹൗസ്, കൊട്ടൂർ
2. ദയ. എം. കെ, മറപ്പുരക്കുന്നുമ്മേൽ, മരുതായി, പൊറോറ
3. ശൈഷ്ണ. സി, സ്നേതുൽ നിവാസ്, മണ്ണൂർ, പൊറോറ

മേൽ ഗുണഭോക്താക്കൾ പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരം നിർമ്മാണം പൂർത്തീകരിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

4. **ഭവനനിർമ്മാണ ധനസഹായ പദ്ധതി**

ഫീൽഡു പരിശോധനയുടെ ഭാഗമായി ഭവനനിർമ്മാണപദ്ധതി പ്രകാരം ധനസഹായം അനുവദിച്ച ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു.

1. സാജു. വി. കെ, വടക്കേപ്പറമ്പിൽ ഹൗസ്, കോട്ടൂർവയൽ, ശ്രീകണ്ഠപുരം
2. ബാബു. വി. ജി, പയറ്റുപാൽ, ചേപ്പറമ്പ

ടി ഭവനങ്ങൾ വകുപ്പിന്റെ മാനദണ്ഡങ്ങൾക്കു വിധേയമായി നിർമ്മിച്ചിട്ടുള്ളവയാണെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

**(സി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന**

01.02.2013 മുതൽ 31.01.2014 വരെയുള്ള കാലയളവിലെ പരിശോധന 19.02.2014 -ൽ നടത്തി 31.03.2014 -ലെ OA(HQ)IV/II/12-226/13-14/563 നമ്പർ കത്തു പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. ആയതിന് IRK/235/14, തീയതി : 30.04.2014 പ്രകാരം മറുപടി നൽകിയതിന്റെ അടിസ്ഥാനത്തിൽ 15.06.2015 -ലെ OA(HQ)IV/II/12-446/12-13/152 പ്രകാരം തീർപ്പാക്കിയിട്ടുണ്ട്.

01.02.2014 മുതൽ 31.01.2015 വരെയുള്ള കാലയളവിലെ പരിശോധന 31.11.2015 -ൽ നടത്തി 04.03.2015 -ലെ OA(HQ)IV/II/12-304/14-15/688 കത്തു പ്രകാരം ലഭ്യമാക്കിയതിനു 10.07.2015 -ലെ IRK/110/14-15 പ്രകാരം മറുപടി സമർപ്പിച്ചിരിക്കുന്നു. തുടർന്നു ചുവടെ ചേർക്കുന്ന പരിശോധനാ കുറിപ്പിലെ ഖണ്ഡികകൾക്കു ജില്ലാ പട്ടികജാതി വികസന ആഫീസറുടെ അഭിപ്രായക്കുറിപ്പു സഹിതം മറുപടി ആവശ്യപ്പെട്ടിരുന്നു.

1. ഭവന നിർമ്മാണം - പൂർത്തീകരണം
2. ടോയ്‌ലറ്റ് നിർമ്മാണം
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് വിതരണം
4. ജീവനക്കാരുടെ ജോയിനിംഗ് ടൈം തെറ്റായി അനുവദിച്ചതു സംബന്ധിച്ച്
5. ആഫീസിൽ ലാപ്‌ടോപ്പ് ഉപയോഗ രഹിതമായി സൂക്ഷിച്ചിരിക്കുന്നതു സംബന്ധിച്ച്
6. ക്യാഷ്ബുക്കും അനുബന്ധരേഖകളും

ടി ഖണ്ഡികകൾക്കു മറുപടി നൽകിയതായി കാണുന്നില്ല. മറുപടി സമയബന്ധിതമായി നൽകി ഫയൽ നടപടികൾ അവസാനിപ്പിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**(ഡി) വകുപ്പുതല പരിശോധന**

01.04.2008 മുതൽ 31.03.2009 വരെയുള്ള കാലയളവിലെ പരിശോധന ഡയറക്ടറേറ്റിലെ ഫിൻ-IV ആഡിറ്റ് വിഭാഗം 14.12.2009 മുതലുള്ള തീയതികളിൽ പരിശോധിച്ച് റിപ്പോർട്ട് എഫ്-25244/15 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന് ബ്ലോക്ക് പട്ടികജാതി വികസന ആഫീസർ ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി സമർപ്പിച്ചിരുന്നു. തുടർന്നു അവശേഷിക്കുന്ന ഖണ്ഡികകളായി അറിയിച്ചിരുന്ന 7a; പാർട്ട് II-2, പാർട്ട് III-1, II എന്നിവയ്ക്ക് പട്ടികജാതി വികസന ആഫീസർ 26.08.2017 -ൽ ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന മറുപടി സമർപ്പിച്ചിട്ടുള്ളത് അംഗീകരിച്ചു ലഭിച്ചതായി കാണുന്നില്ല. നിജസ്ഥിതി അറിയിക്കേണ്ടതാണ്.

**ഭാഗം II**

**ക്യഷ് ബുക്കും അനുബന്ധ രേഖകളും :-**

**1. ക്യാഷ്ബുക്ക്/ബിൽബുക്ക്**

1. ക്യാഷ്ബുക്ക് ഉപയോഗത്തിലെടുക്കുന്നതിന് മുമ്പ് പേജ് നമ്പർ രേഖപ്പെടുത്തേണ്ടതും 'Certificate of count of Page' രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്നിരിക്കെ ടി ഓഫീസിലെ ക്യാഷ്ബുക്കുകൾ അപ്രകാരം പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് 20.08.14 മുതൽ ക്യാഷ്ബുക്കിൽ പേജ് നമ്പർ ഇടുകയോ സാക്ഷ്യപത്രം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.
2. എല്ലാ സാമ്പത്തിക ഇടപാടുകളും അവ നടന്നാൽ ഉടൻതന്നെ ക്യാഷ്ബുക്കിൽ വരവ്/ചെലവ് കാണിക്കേണ്ടതും ആയത് പരിശോധിച്ചതിന്റെ തെളിവിലേക്കായി ഓഫീസ് തലവൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ടി ഓഫീസിലെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ വരവ് ചെലവുകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.
3. താഴെപറയുന്ന ബില്ലുകൾ പ്രകാരം മാറിയ തുകകൾ ക്യാഷ്ബുക്കിൽ വരവ് ചേർത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം. | ബിൽ നം. | തീയതി | തുക |
|---|---|---|---|
| a. | 14/9-10 | 14.05.2009 | 498750 |
| b. | 15/9-10 | 14.05.2009 | 457500 |
| c. | 16/9-10 | 14.05.2009 | 120000 |
| d. | 18/9-10 | 28.05.2010 | 20000 |
| e. | 19/9-10 | 28.05.2010 | 295969 |
| f. | 20/9-10 | 28.05.2010 | 491250 |
| g. | 21/9-10 | 28.05.2010 | 568323 |
| h. | 23/9-10 | 28.05.2010 | 131250 |
| i. | 131/10-11 | 25.03.2011 | 5640 |
| j. | 141/10-11 | 30.03.2011 | 15000 |
| k. | 142/10-11 | 30.03.2011 | 90000 |
| l. | 144/10-11 | 30.03.2011 | 40000 |
| m. | 77/13-14 | 25.02.2014 | 150000 |
| n. | EB-47/14-15 | 11.02.2015 | 14955 |

മേൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം തുകകൾ ക്യാഷ്ബുക്കിൽ വരവ് കാണിയ്ക്കാതിരിയ്ക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4. ക്യാഷ്ബുക്ക് പ്രകാരം 19.03.10 തീയതിയിൽ 13,200/- രൂപ വരവ് കാണിച്ചിരിക്കുന്നു. ബിൽബുക്കിൽ ടി തീയതിയിൽ ഇപ്രകാരം തുക മാറിയതായി കാണുന്നില്ല. ആയത് എപ്രകാരം ലഭ്യമാക്കിയെന്ന് വ്യക്തമാക്കേണ്ടതാണ്.
5. CB-45/13-14 പ്രകാരം 18,850/- രൂപ മാറിയിരിക്കുന്നു. ക്യാഷ്ബുക്കിൽ 18,750/- രൂപ മാത്രം വരവ് കാണിച്ചിരിക്കുന്നു. അതായത് 100/- രൂപയുടെ കുറവ് വന്നിരിക്കുന്നു. വിശദീകരിയ്ക്കേണ്ടതാണ്.
6. EB-34/15-16 ബിൽ പ്രകാരം 16.12.15 തീയതിയിൽ 14,256/- രൂപ മാറിയിരിക്കുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 14,526/- വരവ് ചേർത്തിരിക്കുന്നു. അതായത് 270/- രൂപ അധികമായി വരവ് ചേർത്തിരിക്കുന്നു. ക്യാഷ്ബുക്കിലുംബിൽബുക്കിലും ഇപ്രകാരം തുകയിൽ വ്യത്യാസം വരുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 2. <u>അക്വിറ്റൻസ് രജിസ്റ്റർ (സ്റ്റാഫ്)</u>

1. രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ഒരു ബിൽ പ്രകാരം മാറിയ തുക വ്യത്യസ്ത തീയതികളിൽ വിതരണം ചെയ്യുമ്പോൾ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ് എന്നിരിക്കെ രജിസ്റ്റർ അപ്രകാരം പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാ:- EB No. 8/12-13 തീയതി : 02.05.12 ബിൽ പ്രകാരം മാറിയ 30,543/- രൂപയുടെ വിതരണം.

3. രജിസ്റ്ററിൽ - EB No. 18/15-16 തീയതി : 25.08.15 ബിൽ പ്രകാരം മാറിയ 50,000/- രൂപ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തുക കൈപ്പറ്റിയവരുടെ പേര്, ഉദ്യോഗപ്പേര്, മറ്റ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4. ബാങ്ക് മുഖേന തുക വിതരണം നടത്തുന്ന സാഹചര്യത്തിൽ 'SPARK' -ൽ നിന്നും 'Credit Confirmation Data' ലഭ്യമാക്കി രജിസ്റ്ററിൽ പതിപ്പിച്ച് സൂക്ഷിക്കേണ്ടതും ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണ്.

    ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3. <u>അക്വിറ്റൻസ് രജിസ്റ്റർ (പ്രൊമോട്ടർ)</u>

1. ഒരു ബിൽ പ്രകാരമുള്ള തുക വ്യത്യസ്ത തീയതിയിൽ വിതരണം നടത്തുമ്പോൾ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തേണ്ടതാണ് എന്നിരിക്കെ അപ്രകാരം രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് - CB No. 86/11-12 തീയതി : 18.01.12 പ്രകാരം മാറിയ 57,032/- രൂപ പല തീയതികളിൽ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ സംക്ഷിപ്ത പ്രകാരം 18.01.12 -ന് മുഴുവൻ തുകയും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ക്യാഷ്ബുക്ക് പ്രകാരം ടി തീയതിയിൽ 49,532/- രൂപ മാത്രം ചെലവ് കാണിച്ചിരിക്കുന്നു. വിശദീകരിയ്ക്കേണ്ടതാണ്.

2. CB.15/13-14 തീയതി : 02.08.13 പ്രകാരം 96,500/- രൂപ മാറി വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ടി തീയതിയിൽ 40,000/- രൂപ മാത്രം ചെലവ് കാണിച്ചിരിക്കുന്നു.

3. രജിസ്റ്ററിൽ 01.04.12 മുതൽ ബിൽ നമ്പർ, തീയതി, തുക വിതരണം ചെയ്ത തീയതി, വിതരണ സംക്ഷിപ്തം തുടങ്ങിയ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. ബിൽ നം. 26/14-15, തീയതി : 05.09.14 പ്രകാരം തേർച്ച ചെയ്ത 2,09,000/- രൂപയുടെ വിതരണത്തിൽ ശ്രീ. സുധീർ, റ്റി. പി 8,000/- രപ കൈപ്പറ്റിയതായി കാണുന്നില്ല. വിശദീകരിയ്ക്കേണ്ടതാണ്.

4. **അക്വിറ്റൻസ് (ഡെയ്‌ലി വേജസ്)**

1. 2010-11 മുതലുള്ള രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

2. തുക വിതരണ സംക്ഷിപ്തം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

3. 27.01.14 മുതലുള്ള രജിസ്റ്റർ പേജ് നം. 73 -ൽ പ്രസിഡന്റ്, താജ്മഹൽ കുടുംബശ്രീ എന്ന് രേഖപ്പെടുത്തി ഒപ്പിട്ടിട്ടുണ്ട്. എന്നാൽത തുക രേഖപ്പെടുത്തിയിട്ടില്ല. ആയത് പരിശോധിച്ച് തുക രേഖപ്പെടുത്താതെ ഒപ്പിടുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

5. **ചെലാൻ ഫയൽ.**

1. ക്യാഷ്ബുക്ക് പ്രകാരം 01.11.10 തീയതിയിൽ 1074, 1075 എന്നീ ചെലാനുകൾ പ്രകാരം യഥാക്രമം 16, 1250 ആകെ 1,266/- തിരിച്ചടച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി ചലാനുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് കണ്ടെത്തി വിവരം അറിയിക്കേണ്ടതാണ്.

2. ചലാനുകൾ ഫയൽ ചെയ്ത് സൂക്ഷിക്കാതെ ക്യാഷ്ബുക്കിൽ പതിപ്പിച്ചുവെയ്ക്കുന്നതായി കാണുന്നു. ആയത് ശരിയായ നടപടി അല്ല. ചലാനുകൾ തീയതി ക്രമത്തിൽ ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

3. ചലാൻ നം. 34, തീയതി : 06.08.11 പ്രകാരം 11,250/- രൂപ ട്രഷറിയിൽ തിരിച്ചടച്ചതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ആയതിന്റെ ചെലവ് കാണിച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

4. ചലാൻ നം. 685, തീയതി : 14.02.14 പ്രകാരം 80/- രൂപ തിരിച്ചടച്ചതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.

6. **അക്വിറ്റൻസ് രജിസ്റ്റർ (ടോയ്‌ലറ്റ്)**

1. ബിൽ നം. CB.78/12-13, തീയതി : 11.12.13 പ്രകാരം മാറിയ 3,12,500/- രൂപയുടെ വിതരണ സംക്ഷിപ്തം പരിശോധിച്ചതനിൽ 01.03.13 തീയതിയിൽ 12,500/- രൂപ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ക്യാഷ്ബുക്കിൽ ആയതിന്റെ ചെലവ് വ്യക്തമല്ല. വിശദീകരണം നൽകേണ്ടതാണ്.

2. മേൽ ബിൽ പ്രകാരം മാറിയ തുകയുടെ വിതരണ സംക്ഷിപ്ത പ്രകാരം 75,000/- രൂപ ചെലവാകാതെ അവശേഷിച്ചിരിക്കുന്നു. കൂടാതെ 12,500/- വീതം 3 ഗുണഭോക്താക്കൾ കൈപ്പറ്റിയതായും കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

7. **അക്വിറ്റൻസ് രജിസ്റ്റർ (വിവിധ പദ്ധതികൾ)**

1. രജിസ്റ്ററിൽ 1 മുതൽ 7 വരെയുള്ള പേജുകൾ വിട്ടുപോയതായി കാണുന്നു. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കീമുമായി ബന്ധപ്പെട്ട് CB.20/14-15, തീയതി : 30.08.14 ബിൽ പ്രകാരം മാറിയ 11,250/- രൂപയുടെ വിതരണത്തിൽ 20.09.14 -ന് 2,250/- രൂപ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ടി ദിവസം 11,250/- രൂപ ചെലവ് കാണിച്ചിരിക്കുന്നു. അതായത് 9,000/- രൂപ അധികമായി ചെലവ് കാണിച്ചിരിക്കുന്നു. വിശദീകരണം നൽകേണ്ടതാണ്.

3. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി നടത്തിപ്പിലേയ്ക്കായി CB-34/14-15, തീയതി : 14.10.14 ബിൽ പ്രകാരം തേർച്ച ചെയ്ത 17,500/- രൂപയുടെ വിതരണത്തിൽ ശ്രീമതി. ഗോപിക. എം. എ എന്ന വിദ്യാർത്ഥിനിയ്ക്കനുവദിച്ച 5,000/- രൂപ വിതരണം ചെയ്തതായി കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

4. CB-71/14-15, തീയതി : 23.02.15 പ്രകാരം വൾണറബിൾ സ്റ്റൈപ്പന്റ് ഇനത്തിൽ മാറിയ 7,925/- രൂപയുടെ വിതരണം പരിശോധിച്ചതിൽ എം.എൻ.ജി.എച്ച്.എസ്, മയ്യിൽ, സെന്റ് ജോൺസ് യു.പി.എസ് - തൊണ്ടിയിൽ എന്നീ സ്കൂളുകൾക്ക് യഥാക്രമം 1650, 400 ആകെ 2,050/- രൂപ വിതരണം ചെയ്തിരിക്കുന്നു. എന്നാൽ ആയതിന്റെ രശീതി ലഭ്യമായിട്ടില്ല. ആയത് കണ്ടെത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ബിൽ നം. 74/14-15, തീയതി : 11.03.15 പ്രകാരം ഭൂരഹിത പുനരധിവാസ പദ്ധതി ഇനത്തിൽ മാറിയ 3,75,000/- രൂപയുടെ വിതരണത്തിൽ ഗുണഭോക്താവ് സ്റ്റാമ്പ് ഒട്ടിച്ചതായി കാണുന്നില്ല. തീയതി രേഖപ്പെടുത്തുകയോ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

6. CB-90/14-15, തീയതി : 29.03.15 പ്രകാരം ടോയ്‌ലറ്റ് ഗ്രാന്റ് ഇനത്തിൽ മാറിയ 3,87,500/- രൂപയുടെ വിതരണം പരിശോധിച്ചതിൽ രണ്ട് ഗുണഭോക്താക്കൾക്ക് തുക വിതരണം നടത്തിയതായി കാണുന്നില്ല. വിതരണ സംക്ഷിപ്ത പ്രകാരം 25,000/- രൂപ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ടി തുക ട്രഷറിയിൽ തിരിച്ചടച്ചതായി രേഖപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

7. CB-25/15-16, തീയതി : 20.08.15 പ്രകാരം പാരലൽ കോളേജ് ധനസഹായ പദ്ധതിയ്ക്കായി മാറിയ 1,89,783/- രൂപയുടെ വിതരണത്തിൽ വിതരണ സംക്ഷിപ്തം രേഖപ്പെടുത്തുകയോ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടുള്ളതായി കാണുന്നില്ല.

8. ബിൽ നം. 48/15-16, തീയതി : 18.11.2015 പ്രകാരം സ്പെഷ്യൽ ഇൻസെന്റീവ് പദ്ധതിയിനത്തിൽ മാറിയ 23,60,000/- രൂപയുടെ വിതരണ സംക്ഷിപ്ത പ്രകാരം 79,500/- രൂപ വിതരണം നടത്താതെ അവശേഷിക്കുന്നു. ടി തുകയുടെ വിതരണം പരിശോധിച്ച് ക്യാഷ്ബുക്കുമായി ഒത്തുനോക്കേണ്ടതും വ്യക്തത വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 8. <u>അക്വിറ്റൻസ് രജിസ്റ്റർ (ഭൂരഹിത പുനരധിവാസ പദ്ധതി)</u>

1. CB-34/12-13, തീയതി : 27.09.12 പ്രകാരം ടി പദ്ധതിയ്ക്കായി അനുവദിച്ച 7.5 ലക്ഷം രൂപയുടെ വിതരണം പരിശോധിച്ചതിൽ തുക വിതരണ സംക്ഷിപ്ത പ്രകാരം 01.11.12 തീയതിയിൽ 1,50,000/- രൂപ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ടി തീയതിയിൽ ക്യാഷ്ബുക്കിൽ ചെലവ് വ്യക്തമല്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2. ബിൽ നം. 77/13-14, തീയതി : 25.02.14 പ്രകാരം മാറിയ 1,50,000/- രൂപ ശ്രീ. ജോജി. എസ്. റ്റി, പേരാവൂർ എന്ന ഗുണഭോക്താവിന് അനുവദിച്ചതായി കാണുന്നു. എന്നാൽ വിതരണം ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 9. <u>അക്വിറ്റൻസ് രജിസ്റ്റർ (സ്വയംതൊഴിൽ ധനസഹായ പദ്ധതി)</u>

1. രജിസ്റ്ററിൽ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

2. ജില്ലാ പട്ടികജാതി വികസന ആഫീസർ, കണ്ണൂർ -ന്റെ ഉത്തരവ് നം. സി6-2372/11 - തീയതി : 15.11.11 പ്രകാരം ടി പദ്ധതിയ്ക്കായി 49,599/- രൂപ വിതരണം ചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ ടി തുകയുടെ ചെലവ് വ്യക്തമല്ല. പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം III

### പദ്ധതികൾ

1. **ഭൂരഹിത പുനരധിവാസ പദ്ധതി.**

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനു പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 2009-10 | 75,000 | 15 | 11,25,000 |
| 2010-11 | 75,000 | 21 | 15,75,000 |
| 2011-12 | 1,50,000<br>1,75,000 | 25<br>1 | 37,50,000<br>1,75,000 |
| 2012-13 | 1,50,000 | 39 | 58,50,000 |
| 2013-14 | 1,50,000 | 20 | 30,00,000 |
| 2014-15 | 3,75,000 | 14 | 52,50,000 |
| 2015-16 | 3,75,000 | 23 | 86,25,000 |

അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

a) പരിശോധ കാലയളവിലെ പദ്ധതി നടത്തിപ്പിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചതായി കാണുന്നില്ല. വിനിയോഗ സർട്ടിഫിക്കറ്റ് സമർപ്പിച്ചു വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

b) 2014-15, 2015-16 വർഷങ്ങളിലെ പദ്ധതിയുടെ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

c) 2013-14 വർഷത്തെ ഗുണഭോക്താവായ ശ്രീമതി. ജാനകി ഗോപീചന്ദ്രൻ, ചക്കച്ചേരി പറമ്പിൽ, കടത്തുംകടവ് എന്ന ആളിന്റെ ജനന തീയതി അപേക്ഷയോടൊപ്പമുള്ള രേഖകൾ പ്രകാരം 03.06.1953 ആണ്. ടി ആളിന്റെ അപേക്ഷാ സമയത്തെ പ്രായം 60 വയസ്സാണെന്നു കാണുന്നു. ശ്രീമതി. ജാനകിയ്ക്ക് ധനസഹായം അനുവദിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം വിശദീകരിയ്ക്കേണ്ടതാണ്.

d) 2014-15 വർഷത്തെ ഗുണഭോക്താവായ ശ്രീമതി. കെ. ഉഷ കൊയിലാരിയിൽ താണിക്കൽ മമ്പ്രം മൂലകൊടി എന്ന ഗുണഭോക്താവ് വാങ്ങിയ വസ്തു ഉടമ ശ്രീ. കൂനൻ പദ്മനാഭൻ, ഷാജി നിവാസ്, വേളം, മയ്യിൽ പി.ഒ -യ്ക്ക് അനുവദിച്ച 3,75,000/- രൂപ (DD No. 077869, Dated : 14.10.2015) ടിയാൻ രജിസ്റ്ററിൽ ഒപ്പിട്ടു കൈപ്പറ്റിയതായി കാണുന്നില്ല. ഡിഡി എപ്രകാരം വിതരണം ചെയ്തു എന്നത് സംബന്ധിച്ചു വിശദീകരിയ്ക്കേണ്ടതാണ്.

e) 2015-16 വർഷത്തെ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് വസ്തു വില്പന നടത്തി വസ്തു ഉടമകളും രജിസ്റ്ററിൽ ഒപ്പു രേഖപ്പെടുത്തി തുക കൈപ്പറ്റിയതായി കാണുന്നില്ല. മറ്റു രേഖകളും പരിശോധനയ്ക്ക് ലഭിച്ചില്ല. ഇവർക്ക് എപ്രകാരം തുക വിതരണം ചെയ്തു എന്നത് സംബന്ധിച്ചു വിശദീകരിക്കേണ്ടതാണ്.

1. ശ്രീ. ദിനേശൻ, കുന്നുമ്മൽ വളപ്പിൽ, കാളിയാംകുളം - ഉടമ; ശ്രീ. കൂനൻ പദ്മനാഭൻ, ഷാജിനിവാസ് - 3,75,000/- രൂപ

2. ശ്രീ. പ്രദീപൻ. കെ, കുന്നുമ്മൽ വളപ്പിൽ, കാളിയാളം - ഉടമ; ശ്രീ. കൂനൻ പദ്മനാഭൻ, ഷാജിനിവാസ് - 3,75,000/- രൂപ

3. ശ്രീ. സന്തോഷ്. കെ. വി, കുന്നുമ്മൽ വളപ്പിൽ, കാളിയാളം - ഉടമ; ശ്രീ. കൂനൻ പദ്മനാഭൻ, ഷാജി നിവാസ് - 3,75,000/- രൂപ

4. ശ്രീ. സുശീല സുകുമാരൻ, പുത്തൻപുരയ്ക്കൽ ചന്ദനയ്ക്കാം പാറ - ഉടമ; ശ്രീ. ജോയൽ അഗസ്റ്റിൻ പാറശ്ശേരിൽ - 3,75,000/- രൂപ

5. ശ്രീ. മോഹനൻ, ചാത്തൻവിളയിൽ, ചെമ്പൻതൊട്ടി - ഉടമ; കെ. പി. മുഹമ്മദ് കുഞ്ഞ് - 3,75,000/- രൂപ.

പദ്ധതി പ്രകാരം ഗുണഭോക്താക്കൾ വാങ്ങിയ വിവിധ വർഷങ്ങളിലെ 109 അസ്സൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നതിനു നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 2. ഭവന നിർമ്മാണ ധനസഹായം

ഭവന രഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനു ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം. | അനുവദിച്ചത് | നിലവിൽ പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാനുള്ളത് | പൂർത്തിയാക്കാനുള്ളവയുടെ ഘട്ടം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 76 | 73 | 3 | 0 | 0 | 3 |
| 2008-09 | 79 | 73 | 6 | 0 | 1 | 5 |
| 2009-10 | 32 | 24 | 8 | 2 | 2 | 4 |
| 2010-11 | 34 | 25 | 9 | 1 | 1 | 7 |
| 2011-12 | 13 | 3 | 10 | 9 | 0 | 1 |
| 2012-13 | 25 | 20 | 5 | 0 | 3 | 2 |
| 2013-14 | 52 | 38 | 14 | 0 | 11 | 3 |
| 2014-15 | 15 | 12 | 3 | 0 | 0 | 3 |
| 2015-16 | 30 | 19 | 11 | 3 | 4 | 4 |
| ആകെ | 356 | 287 | 69 | 15 | 22 | 32 |

പൂർത്തീകരിക്കുവാനുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ഭവന നിർമ്മാണ പദ്ധതിയുടെ രജിസ്റ്റർ പേജുകൾ ഇളകി തുടങ്ങിയിരിക്കുന്നു. രജിസ്റ്റർ ബലപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പൂർത്തിയായ വീടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 3. ടോയ്‌ലറ്റ് നിർമ്മാണം

ഉപയോഗപ്രദമല്ലാത്ത ടോയ്‌ലറ്റില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സെപ്റ്റിക് ടാങ്കോടു കൂടിയ ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനു 25,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ചത് എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2012-13 | 123 | 30,75,000 |
| 2013-14 | 240 | 60,00,000 |
| 2014-15 | 53 | 13,25,000 |
| 2015-16 | 21 | 5,25,000 |

## 4. ഭവന പുനരുദ്ധാരണ പദ്ധതി.

അഞ്ചു വർഷത്തിലധികം കാലപ്പഴക്കം ഉള്ളതും പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമുള്ള ഭവനങ്ങളുടെ പുനഃ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പരിശോധനാ കാലയളവിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാത്തത് | ചെലവഴിച്ച തുക |
|---|---|---|---|---|
| 2013-14 | 23 | 23 | - | 11,50,000 |
| 2014-15 | 26 | 23 | 3 | 12,25,000 |
| 2015-16 | 26 | 21 | 5 | 11,75,000 |
| 2016-17 | 34 | 30 | 4 | 16,00,000 |
| ആകെ | 109 | 97 | 12 | 51,50,000 |

ആകെ വിതരണം ചെയ്ത 51,50,000/- രൂപയിൽ 3,00,000/- രൂപ പൂർത്തീകരിയ്ക്കാത്തവർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിപ്പിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതും പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്റർ പരിപാലിച്ചിട്ടില്ലെങ്കിലും പദ്ധതിയുടെ പ്രസക്ത വിവരങ്ങൾ ചേർത്ത് ഒരു രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ഈ രജിസ്റ്റർ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2014-15 വർഷത്തെ ഗുണഭോക്താവായ ശ്രീമതി. ജാനകി കലശകണ്ടി എന്ന ഗുണഭോക്താവിന്റെ നിർമ്മാണ പ്രവൃത്തികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ മൂല്യം47,749/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി ഗുണഭോക്താവിന് 50,000/- രൂപ അനുവദിക്കുന്നതിനു ശുപാർശ ചെയ്തതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്. കരാർ ഉടമ്പടികൾപൂർണ്ണമായി പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 5. ദുർബല വിഭാഗങ്ങളുടെ പുനഃരധിവാസ പദ്ധതി

പട്ടികജാതി വിഭാഗക്കാരിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെ പുരോഗതിയ്ക്കായി പ്രത്യേകമായി ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതി പ്രകാരം 2011-12 വർഷം കണ്ണൂർ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ 16.02.12 -ലെ സി6-2565/11 നമ്പർ ഉത്തരവ് പ്രകാരം ഒരു ഗുണഭോക്താവിനു ഭവനത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനു 15,000/- രൂപ അനുവദിക്കുകയും ഗുണഭോക്താവ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്ക് 15,000/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 6. മിശ്രവിവാഹ ധനസഹായ പദ്ധതി

മിശ്രവിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന ദമ്പതിമാർക്ക് സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ട് സാമ്പത്തികമായ ക്ലേശം ലഘൂകരിക്കുന്നതിനും ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ധന സഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നിരക്ക് | അനുവദിച്ച തുക |
|---|---|---|---|
| 2009-10 | 7 | 20000 | 140000 |
| 2010-11 | 33 | 20000 | 660000 |
| 2011-12 | 40 | 24 x 20000=480000<br>16 x 50000=800000 | 1280000 |
| 2012-13 | 24 | 50000 | 1200000 |
| 2013-14 | 47 | 50000 | 2350000 |
| 2014-15 | 21 | 50000 | 1050000 |
| 2015-16 | 23 | 50000 | 1150000 |

അപേക്ഷകളുടേയും രജിസ്റ്ററിന്റെ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ). രജിസ്റ്ററിലെ പേജ് നമ്പർ പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തുകയോ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ന്യൂനത പരിഹരിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ബി). 2015-16 വർഷത്തെ ഗുണഭോക്താക്കളായ ശ്രീ. പ്രഭാകരൻ കാപ്പാടൻ & സിന്ധു. വി, ചെറുവിള വീട്, വട്ടക്കയം എന്നീ ദമ്പതികളുടെ ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം വച്ചിരിക്കുന്നത് കാത്തിലേരി ശ്രീ കോറാത്തു ശ്രീകൃഷ്ണ ക്ഷേത്രം വികസന സമിതിയുടെ വിവാഹ സാക്ഷ്യപത്രമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയോ സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിന്റെയോ വിവാഹ സാക്ഷ്യപത്രമില്ലാതെ ധനസഹായം അനുവദിച്ച നടപടി ശരി അല്ലെന്നു അഭിപ്രായപ്പെടുന്നു. ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം വികസന സമിതിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള അനുവാദ ഉത്തരവ് പട്ടികജാതി വികസന ആഫീസർ/ജില്ലാ പട്ടികജാതി വികസന ആഫീസർ ലഭ്യമാക്കേണ്ടതാണ്.

സി). മിശ്രവിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന ദമ്പതിമാർക്കാണ് പദ്ധതി പ്രകാരം ധനസഹായത്തിന് അർഹത എന്നിരിക്കെ 2015-16 വർഷം ധനസഹായം അനുവദിച്ച ചുവടെ പേരു ചേർക്കുന്ന ദമ്പതിമാർ അവരുടെ ധനസഹായത്തിനുള്ള അപേക്ഷയിൽ മിശ്രവിവാഹം മൂലം അനുഭവിക്കേണ്ടി വന്ന ക്ലേശഘടകങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ഇവർക്ക് ധനസഹായം അനുവദിച്ചത് സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

1. ശ്രീ. സന്ദേശ & ശ്രീമതി. അനുപമ
2. ശ്രീ. പ്രജീഷ വി. എസ് & ശ്രീമതി. ആതിര. ആർ
3. ശ്രീ. സിവിൽദാസ്. പി & ശ്രീമതി. ജനീഷ രാജൻ
4. ശ്രീ. അനൂപ് & ശ്രീമതി. ശ്രുതി. ആർ
5. ശ്രീ. ജീവൻ. കെ & നീതുമോൾ. എൻ. ജി
6. ശ്രീ. രാജു. പി. കെ & ബിന്ദു. പി

(ഡി). ജീവൻ. കെ. പത്മാലയം ഇരിക്കൂർ & ശ്രീമതി. നീതുമോൾ എന്നീ ദമ്പതികളുടെ കുടുംബവാർഷിക വരുമാനം 50,000/- രൂപയാണ്.

ശ്രീ. ജീവൻ - 30,000/-

ശ്രീമതി. നീതുമോൾ - 20,000/-

പദ്ധതിയുടെ ധനസഹായത്തിന് അർഹമാകുന്ന വാർഷിക വരുമാന പരിധിയ്ക്കു പുറത്തുള്ള വർക്ക് ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള വിശദീകരണം നൽകേണ്ടതാണ്.

(ഇ). പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയിട്ടുള്ള ദമ്പതിമാരിൽ ഭൂരിപക്ഷം പേരും ധനസഹായ തുകയുടെ വിനിയോഗ ലക്ഷ്യമായിഅപേക്ഷയിന്മേൽ രേഖപ്പെടുത്തിയിട്ടുള്ളത് ടെയ്ലറിംഗ് യൂണിറ്റാണ്. എന്നാൽ ദമ്പതിമാരിൽ ആരെങ്കിലും ടെയ്ലറിംഗ് പഠിച്ചിട്ടുള്ളതിന്റെ രേഖകൾ ഒന്നും തന്നെ വാങ്ങി സൂക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ടെയ്ലറിംഗ് യൂണിറ്റു പോലുള്ള സംരംഭങ്ങൾ പദ്ധതിയുടെ ധനസഹായതുകയുടെ വിനിയോഗ ലക്ഷ്യമായി നിശ്ചയിക്കപ്പെടുമ്പോൾ സംരംഭകൾക്കു തൊഴിൽ പരിചയം ആവശ്യമാണെന്നും ആയത് തെളിയിക്കുന്നതിനുള്ള രേഖകൾഅപേക്ഷയോടൊപ്പം വാങ്ങി സൂക്ഷിക്കണമെന്നും അഭിപ്രായപ്പെടുന്നു.

## 7. വിവാഹ ധനസഹായം.

പാവപ്പെട്ട പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം പരിശോധാ കാലയളവിൽ ധനസഹായം അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| 2009-10 | 24 | 2,40,000 |
| 2010-11 | 31 | 5,20,000 |
| 2011-12 | 45 | 8,70,000 |
| 2012-13 | 41 | 18,40,000 |
| 2013-14 | 58 | 35,20,000 |
| 2014-15 | 20 | 10,00,000 |
| 2015-16 | 33 | 16,50,000 |

പരിശോധനാ കാലയളവിലെ പദ്ധതി നടത്തിപ്പിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**8. ചികിത്സാ ധനസഹായം .**

പരിശോധനാ കാലയളവിൽ 2015-16 വർഷം ചികിത്സാ ധനസഹായം വിതരണം ചെയ്തതിന്റെ രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്. ടി വർഷം 21 ഗുണഭോക്താക്കൾക്കായി 7,15,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. പരിശോധനാ കാലയളവിലെ ബാക്കി വർഷങ്ങളിൽ ചികത്സാ ധനസഹായം വിതരണം ചെയ്തതിന്റെ വിവരങ്ങൾ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ സാക്ഷ്യപത്രത്തോടു കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**9. സ്വയംതൊഴിൽ പദ്ധതി**

ബാങ്ക് വായ്പ ലഭ്യമാക്കി സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെടുന്ന പട്ടികജാതി വിഭാഗക്കാരായ യുവതീ യുവാക്കൾക്ക് 3,00,000/- രൂപ വരെയുള്ള വായ്പ തുകയ്ക്ക് 33/% സബ്സിഡി നൽകുന്ന പദ്ധതി പ്രകാരം പരിശോധനാ കാലയളവിൽ തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം. | അനുവദിച്ച സബ്സിഡി തുക |
|---|---|---|
| 2011-12 | 3 | 216266 |
| 2012-13 | ഇല്ല | ഇല്ല |
| 2014-15 | 5 | 291666 |
| 2015-16 | 3 | 166913 |

അപേക്ഷകളുടേയും രജിസ്റ്ററിന്റേയും പരിശോധനയിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു. രജിസ്റ്റർ പ്രകാരം സബ്സിഡി തുക വായ്പ അനുവദിച്ച ബാങ്കിന്റെ പേരിൽ നൽകാതെ ഗുണഭോക്താക്കൾക്കു നൽകിയതായി കാണുന്നു. ഇതു പദ്ധതി നടത്തിപ്പു ചട്ടങ്ങൾക്കനുസൃതമല്ല. ഇവരുടെ വായ്പാ കണക്കുകളിൽ സബ്സിഡി തുക വരവു വച്ചതു സംബന്ധിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

2014-15, 2015-16 വർഷങ്ങളിൽ സബ്സിഡി തുക നൽകിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ നടത്തിയതായി കാണുന്നില്ല. ആയതിന്റെ രേഖകൾ കണ്ടെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2011-12 വർഷം മുതലുള്ള രജിസ്റ്റർ മാത്രമാണ് പരിശോധനയ്ക്ക് ലഭിച്ചത്. മുൻവർഷങ്ങളിലെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**10. വിജ്ഞാൻവാടി**

വിജ്ഞാൻവാടികൾ സ്ഥാപിച്ച പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മയ്യിൽ ഗ്രാമപഞ്ചായത്തിലെ മുല്ലക്കൊടി പട്ടികജാതി കോളനിയിലെ സ്വാമി ആനന്ദ തീർത്ഥ സാംസ്ക്കാരിക നിലയത്തിൽ വിജ്ഞാൻവാടി സ്ഥാപിച്ചിരുന്നു. കമ്പ്യൂട്ടർ, ഫർണിച്ചർ, പുസ്തകങ്ങൾ എന്നിവ ഇവിടെ ലഭ്യമാക്കിയിരുന്നു. 17.02.2012 -ലെ ജില്ലാ പട്ടികജാതി വികസന ആഫീസറുടെ സി7-17492/11(1) പ്രകാരം വിജ്ഞാൻവാടിയുടെ ആവർത്തന ചെലവുകൾക്കായി 25,000/- രൂപയും 26.03.2012 സി-2936/11 നമ്പർ ഉത്തരവുകൾ പ്രകാരം 21,000/-

രൂപയും ചെലവഴിച്ചു. തുകകളുടെ കൈപ്പറ്റു രസീതുകളും അറ്റകുറ്റപ്പണികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റും സൂക്ഷിച്ചിട്ടുണ്ട്. നിലവിൽ വിജ്ഞാൻവാടി പ്രവർത്തിക്കുന്നില്ല. കമ്പ്യൂട്ടറും, ഫർണിച്ചറും, പുസ്തകങ്ങളും ആരുടെ കൈവശത്തിൽ സൂക്ഷിച്ചിരിക്കുന്നു എന്നു റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിജ്ഞാൻവാടിയുടെ പ്രവർത്തനം പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

**11. സ്വയംപര്യാപ്ത ഗ്രാമം**

കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്തിലെ പാവന്നൂർ മൊട്ട വളുവ കോളനി പദ്ധതി പ്രകാരം 2012-13 വർഷം ഏറ്റെടുത്തിരുന്നു. ഗവ. വുഡ് വർക്ക്സ് ഷോപ്പ് സെയിൽ സെന്റർ (സിഡ്കോ) കോഴിക്കോടായിരുന്നു നിർമ്മാണ ഏജൻസി. 99,93,258/- രൂപയുടെ 13 നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. പദ്ധതിയുടെ ഉദ്ഘാടനം നടത്തിയിട്ടുണ്ട്.

**12. പ്രൊമോട്ടേഴ്സ് വർക്ക് ഡയറി**

ജി.ഒ (പി)86/2010, തീയതി : 28.07.2010 -ലെ നിർദ്ദേശം പാലിച്ച് വർക്ക് ഡയറി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പട്ടികജാതി വികസന ആഫീസർ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്.

**13. എസ്.റ്റി.എസ്.ബി അക്കൗണ്ട്**

719051400000019

സബ് ട്രഷറി ശ്രീകണ്ഠാപുരം

ഈ അക്കൗണ്ടിൽ 29.03.2016 -ൽ 2,85,000/- രൂപ നീക്കി ബാക്കിയും പരിശോധനാ ദിവസം (20.09.19) അക്കൗണ്ടിൽ 17,978/- രൂപ നീക്കി ബാക്കിയും ഉണ്ട്. ടി തുകയുടെ ഇന വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിതരണം ചെയ്യുവാൻ കഴിയാത്ത തുക ആയത് ഉറപ്പു വരുത്തി ചെലാൻ പ്രകാരം തിരിച്ചടച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**14. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം**

2010 -ലെ സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി (10 പഞ്ചായത്തുകളിൽ) ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന് ആകെ 25,000/- രൂപ അനുവദിച്ചിരുന്നു. (ജില്ലാ പട്ടികജാതി വികസന ആഫീസറുടെ ഉത്തരവ് നം. സി6/8213/10, തീയതി : 22.09.10). ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിൽ ശുചീകരണ പ്രവൃത്തികൾ, ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തപ്പെട്ടു. ആയതിലേയ്ക്ക് ആകെ 19,106/- രൂപ ചെലവായി. ബാക്കി തുകയായ 5,894/- രൂപ 08.11.10 -ലെ ചെലാൻ നം. 152 പ്രകാരം തിരിച്ചടച്ചതായി കാണുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ടും ചെലവ് കണക്കുകളും 04.11.10 -ലെ കത്ത് നം. 148/10 പ്രകാരം ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് നൽകിയിട്ടുണ്ട്.

പരിശോധനാ കാലയളവിൽ, സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം നടന്ന വർഷങ്ങളിലെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട ഫയലുകൾ കണ്ടെടുത്ത് ചെലവ് കണക്കുകളും റിപ്പോർട്ടും ലഭ്യമാക്കേണ്ടതാണ്.

**ഭാഗം IV**

**വിദ്യാഭ്യാസ പദ്ധതികൾ**

**1. ലംപ്സംഗ്രാന്റ് വിതരണം**

a) ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ **പരിധിയിൽ** വരുന്ന വിവിധ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| നഴ്സറി സ്കൂളുകൾ | - | 1 |
| ലോവർ പ്രൈമറി സ്കൂളുകൾ | - | 124 |
| അപ്പർ പ്രൈമറി സ്കൂളുകൾ | - | 82 |
| ഹൈസ്കൂളുകൾ | - | 44 |

ആകെ - 251

b) 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 2009-10 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ആകെ കുട്ടികളുടെ എണ്ണം | | വിതരണം ചെയ്ത തുകകൾ | |
|---|---|---|---|---|
| | എസ്.സി | ഒ.ഇ.സി | എസ്.സി | ഒ.ഇ.സി |
| 2009-10 | 734 | 76 | 544600 | 296861 |
| 2010-11 | 2458 | 1244 | 14033827 | 239265 |
| 2011-12 | 1876 | 1772 | 264680 | 156065 |
| 2012-13 | 1234 | 752 | 1627525 | 587425 |
| 2013-14 | 1968 | 547 | 673325 | 647125 |
| 2014-15 | 821 | 456 | 615750 | 342000 |
| 2015-16 | 962 | 967 | 1068875 | 1052150 |

c) 2015-16 വർഷത്തെ ഒ.ഇ.സി ലംപസംഗ്രാന്റ് രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്. ഈ രജിസ്റ്ററിലെ പേജ് 92 -ലെ സംക്ഷിപ്തത്തിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ള 7,750/- രൂപ ചെയ്തുവെന്ന് വ്യക്തമാക്കേണ്ടതും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 2. എസ്.എസ്.എൽ.സി/+2/ഡിഗ്രി പരാജിതരായവർക്ക് തുടർ പഠനത്തിനുള്ള ധനസഹായം

ഈ പദ്ധതി പ്രകാരം 2011-12 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | മാറിയ തുക | വിതരണം ചെയ്ത തുക | തിരിച്ചടച്ച തുക |
|---|---|---|---|---|
| 2011-12 | 2 | 6800 | 2750 | 4050 |

ടി വർഷത്തിൽ വിതരണം ചെയ്ത തുകയേക്കാൾ കൂടുതൽ തുക തിരിച്ചടച്ചിട്ടുള്ളതായി കാണുന്നു. ആയതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. മറ്റു വർഷങ്ങളിലെ ഈ ഇനത്തിലുള്ള ചെലവ് വിവരങ്ങൾ ലഭ്യമായില്ല. വിശദ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3. സ്പെഷ്യൽ ഇൻസെന്റീവ് (പ്രത്യേക പ്രോത്സാഹന സമ്മാനം)

a) 2009-10, 2010-11, 2011-12 എന്നീ വർഷങ്ങളിലെ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. (രജിസ്റ്ററുകളും രേഖകളും). അവ കണ്ടെടുത്ത് വിശദ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

b) 2012-13 വർഷം മുതൽ 2015-16 വർഷം വരെയുള്ള കാലയളവിൽ ഈ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | മാറിയ തുക | വിതരണം ചെയ്ത തുക | തിരിച്ചടച്ച തുക |
|---|---|---|---|---|
| 2012-13 | 55 | 64,750 | 64,750 | |
| 2013-14 | 69 | 72,500 | 72,500 | |
| 2014-15 | 49 | 1,17,500 | 1,17,500 | |
| 2015-16 | 100 | 2,77,500 | 2,55,000 | 22,500 |

c) 2012-13 വർഷത്തെ ലംപ്സംഗ്രാന്റ് വിതരണ രജിസ്റ്റർ പേജ് 47 -ലെ സംക്ഷിപ്തത്തിൽ ബാലൻസ് കാണിച്ചിട്ടുള്ള 750/- രൂപ എന്തു ചെയ്തുവെന്ന് വ്യക്തമാക്കേണ്ടതാണ്.

d) 2013-14 മുതലുള്ള സ്പെഷ്യൽ ഇൻസെന്റീവ് വിതരണ രജിസ്റ്റർ പേജ് 30 മുതൽ 56 വരെയുള്ള പേജുകളിലെ തുകവിതരണം, 57, 58 പേജുകളിലെ സംക്ഷിപ്തം എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

## 4. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

a) 2009-10, 2010-11 വർഷത്തെ ഈ പദ്ധതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല. അവ കണ്ടെടുത്ത് ഈ ഇനത്തിൽ ചെലവഴിച്ച തുകകളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

b) 2011-12 മുതലുള്ള രജിസ്റ്ററിലെ 16 മുതൽ 40 വരെയുള്ള പേജുകളിലെ രേഖപ്പെടുത്തലുകളും പേജ് നം. 50 -ലെ സംക്ഷിപ്തവും പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

c) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതിയിനത്തിൽ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ ആകെ എണ്ണം | പുതിയത് | പുതുക്കൽ | തുക |
|---|---|---|---|---|
| 2011-12 | 17 | 17 | - | 49,500 |
| 2012-13 | 27 | 12 | 15 | 1,29,500 |
| 2013-14 | 25 | 10 | 15 | 1,18,500 |
| 2014-15 | 22 | 5 | 17 | 89,750 |
| 2015-16 | 24 | 10 | 14 | 1,08,000 |

## 5. പാരലൽ കോളേജിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം

a) 2004-05 മുതൽ 2011-12 വരെയുള്ള വിതരണ രജിസ്റ്ററിൽ പേജ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2013-14 മുതൽ 2017-18 വരെയുള്ള രജിസ്റ്ററിൽ പേജ് നം. നൽകി പൂർത്തിയാക്കി പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

b) പല വർഷങ്ങളിലും സ്ഥാപനങ്ങൾ നേരിൽ പരിശോധിച്ച് വിദ്യാർത്ഥികളുടെ ഹാജർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാതെ ഈ പദ്ധതി പ്രകാരം ഒരു അദ്ധ്യയന വർഷത്തേയ്ക്ക് ജില്ലാ പട്ടികജാതി വികസന ആഫീസർ അനുവദിച്ചു നൽകുന്ന തുക മുഴുവൻ തേർച്ച ചെയ്ത് നൽകിയിട്ടുള്ളതായി കാണുന്നു. ജില്ലാ ഓഫീസർ പാസ്സാക്കുന്ന തുകയിൽ കുട്ടികളുടെ ഹാജരിന്റെ അടിസ്ഥാനത്തിൽ കുറവു വരുത്തി തേർച്ച ചെയ്യാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതും പരിശോധനാ കാലയളവിൽ ഏതെങ്കിലും വിദ്യാർത്ഥികൾ അനർഹമായി തുക ഈ ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ടോയെന്ന് ജില്ലാ പട്ടികജാതി വികസന ആഫീസർ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

c) 2009-10 വർഷം മുതൽ 2015-16 വർഷം വരെയുള്ള കാലയളവിൽ പാരലൽ കോളേജ് പഠനത്തിന് എസ്.സി, മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർത്ഥികളുടെ എണ്ണം | | മാറിയ തുക | | വിതരണം ചെയ്ത തുക | | ബാക്കി | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | SC | OEC | SC | OEC | SC | OEC | SC | OEC | |
| 2009-10 | - | 9 | - | 48798 | - | 48007 | - | 791 | ബാക്കി തിരിച്ചടച്ചു |
| 2010-11 | 1 | 3 | 5526 | 16990 | 5526 | 16990 | - | - | - |
| 2011-12 | 1 | 16 | 5446 | 86626 | 5446 | 86626 | - | - | - |
| 2012-13 | 3 | 14 | 27150 | 79073 | 19167 | 76402 | 7983 | 2671 | ബാക്കി തിരിച്ചടച്ചു |
| 2013-14 | 7 | 10 | 46380 | 68733 | 45679 | 66813 | 701 | 1920 | ബാക്കി തിരിച്ചടച്ചു |
| 2014-15 | 8 | 9 | 54350 | 57260 | 53497 | 55496 | 853 | 1764 | ബാക്കി തിരിച്ചടച്ചു |
| 2015-16 | 4 | 71 | 27363 | 465853 | 27350 | 459003 | 13 | 6850 | തിരിച്ചടച്ചതായി കാണുന്നില്ല |

2015-16 വർഷത്തിൽ ഒ.ഇ.സി വിഭാഗത്തിൽ ബാക്കി കാണിച്ചിട്ടുള്ള 6,850/- രൂപ വിതരണം ചെയ്തിട്ടില്ല. (ക്രമ നം. 16, പേജ് നം. 19 - വിതരണ രജിസ്റ്റർ). ടി തുക തിരിച്ചടച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 6. ഫീസ് റീ-ഇംബേഴ്സ്മെന്റ്

2013-14 വർഷത്തിൽ ഫീസ് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. പരിശോധനാ കാലയളവിലെ മറ്റു വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമായില്ല. ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും കണ്ടെടുത്ത് ഈ ഇനത്തിലുള്ള ചെലവ് കണക്കുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2013-14 | 11 | 54 | 77986 |

ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ തുകകളുടെ വിതരണം പട്ടികജാതി വികസന ആഫീസർ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

## 7. സ്റ്റൈപ്പന്റ് വിതരണം

പട്ടികജാതിയിൽപ്പെട്ട ദുർബ്ബല വിഭാഗം വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്ന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. പരിശോധനാ കാലയളവിൽ മറ്റു വർഷങ്ങളിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | വിതരണം ചെയ്ത തുക | ബാക്കി തുക |
|---|---|---|---|---|---|
| 2013-14 | 37 | 38 | 84105 | 81155 | 2950 (Refunded) |

## 8. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് - 2014-15, 2015-16

a) 1 മുതൽ 4 വരെയുള്ള ക്ലാസ്സിൽ പഠിയ്ക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രാഥമിക വിദ്യാഭ്യാസ ചെലവുകൾക്കായി 2,000/- രൂപ വീതം നൽകുന്ന പദ്ധതി പ്രകാരം 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|
| 2014-15 | 148 | 13,18,000 | 13,04,000 | 14,000 (Refunded) |
| 2015-16 | 149 | 12,64,000 | 12,48,000 | 16,000 |

b) വിതരണ രജിസ്റ്റർ പേജ് 169 -ലെ സംക്ഷിപ്തത്തിൽ മിച്ചം കാണിച്ചിട്ടുള്ള 16,000/- രൂപയുടെ വിനിയോഗ വിവരം/തിരിച്ചടച്ച വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 9. വിദ്യായാത്ര (സൈക്കിൾ വിതരണം 2011-12)

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ 8-ാം ക്ലാസ്സിൽ പഠിക്കുന്ന എല്ലാ പട്ടികജാതി കുട്ടികൾക്കും സ്വാതന്ത്ര്യവും സുരക്ഷിതവുമായ സഞ്ചാരത്തിലൂടെ വിജ്ഞാനവും പുറംലോകബന്ധവും വർദ്ധിപ്പിക്കുന്നതിനും പഠനം ഇടയ്ക്കുവെച്ച് അവസാനിപ്പിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനും 2011-12 വർഷത്തിൽ വിദ്യായാത്ര എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതി പ്രകാരം സൈക്കിൾ വാങ്ങി നൽകുന്ന തിനായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 2011-12 | 114 | 268 | 804000 |

**10. ഒ.ബി.സി സ്കോളർഷിപ്പ്**

2011-12 വർഷത്തിൽ ഒബി.സി കുട്ടികൾക്കുള്ളസ്കോളർഷിപ്പ് ഈ വകുപ്പ് മുഖാന്തിരം നൽകുകയുണ്ടായി. ഈ ഇനത്തിൽ 114 സ്കൂളുകളിലെ കുട്ടികൾക്കായി 90,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ പേജ് 174 മുതൽ 223 വരെയുള്ളവയിലെ തുക വിതരണവും പേജ് 224, 225 എന്നിവയിലെ സംക്ഷിപ്തവും സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

ഭാഗം V

**വിവിധ രജിസ്റ്ററുകൾ**

**1. ഡെസ്പാച്ച്-കം-സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

a) നിർദ്ദിഷ്ട മാതൃകയിലുള്ള ഡെസ്പാച്ച്-കം-സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ (Form No. VIII of Appendix I of MOP പ്രകാരമുള്ളത്) പരിപാലിച്ചു വരുന്നില്ല. തപാൽ രജിസ്റ്റർ, ഡെസ്പാച്ച് രജിസ്റ്റർ എന്നിവ വെവ്വേറെ പരിപാലിച്ചു കാണുന്നു. എന്നാൽ സ്റ്റാമ്പിന്റെ അക്കൗണ്ടിംഗ് രജിസ്റ്ററിൽ ശരിയായ രീതിയിൽ രേഖപ്പെടുത്തിയിട്ടില്ല. ബന്ധപ്പെട്ട ഓഫീസർ (പട്ടികജാതി വികസന ആഫീസർ) ഈ രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിയ്ക്കേണ്ടതും നിശ്ചിത മാതൃകയിലുള്ള ഡെസ്പാച്ച്-കം-സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ പരിപാലിച്ച് ദ്വൈവാര ഭൗതിക പരിശോധനാ സാക്ഷ്യപത്രം രേഖപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

b) പരിശോധനാ തീയതിയിൽ (20.02.19 -ന്) ആകെ 65/- രൂപയുടെ സ്റ്റാമ്പ് നീക്കി ബാക്കിയുണ്ടായിരുന്നു. ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

**2. ഫർണിച്ചർ രജിസ്റ്റർ.**

a) നിശ്ചിത മാതൃകയിലുള്ള ഫർണിച്ചർ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററാണ് ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററായി ഉപയോഗിച്ചിട്ടുള്ളത്. നിശ്ചിത മാതൃകയിലുള്ള (KFC Form 18 പ്രകാരമുള്ളത്) ഫർണിച്ചർ രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

b) നിലവിലുള്ള രജിസ്റ്ററിൽ ഫർണിച്ചർ വിവരങ്ങൾക്കു പുറമേ, മൊബൈൽ ഫോൺ, പ്രിന്റർ, ഫോട്ടോകോപ്പിയർ, കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തിക്കാണുന്നു. കമ്പ്യൂട്ടർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ പരിപാലിയ്ക്കേണ്ടതാണ്. (ഗവ. സർക്കുലർ നം. 86/ഫിൻ, തീയതി : 24.09.10).

c) 25.09.15 -ന് ശേഷം ചാർജ്ജ് കൈമാറ്റ വിവരങ്ങളും 17.05.10 -ന് ശേഷം വാർഷിക ഭൗതിക പരിശോധനാ സാക്ഷ്യപത്രവും രേഖപ്പെടുത്തിക്കാണുന്നില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതാണ്.

d) 2017-18 മുതൽ പുതിയ രജിസ്റ്റർ തുടങ്ങിയെങ്കിലും അതിൽ പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മാത്രമല്ല, ഈ രജിസ്റ്ററിലെ 1 മുതൽ 120 വരെയുള്ള പേജുകൾ ഫർണിച്ചർ സ്റ്റോക്ക് രജിസ്റ്ററിനും 121 മുതൽ 240 വരെയുള്ള പേജുകൾ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിനുമായി മാറ്റി വെച്ചിട്ടുണ്ട്. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ഓഫീസർ സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ന്യൂനതകൾ പരിഹരിയ്ക്കേണ്ടതാണ്.

**3. പേ ബിൽ രജിസ്റ്റർ.**

a) 2009-10, 2010-11 വർഷങ്ങളിലെ രജിസ്റ്ററിൽ പ്രവേശന തീയതി, പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി, ഇൻക്രിമെന്റ് തീയതി, കോളം 25 -ലെ സാക്ഷ്യപ്പെടുത്തൽ എന്നിവ ഇല്ല. 2009-10 -ലെ പേബിൽ രജിസ്റ്ററിൽ അനക്സർ III ഫോം 51 C പ്രകാരം ശമ്പളബില്ലുകളുടെ സംക്ഷിപ്തം എഴുതിയിട്ടില്ല. പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ പരിഹരിയ്ക്കേണ്ടതാണ്.

b) 2011-12, 2012-13 വർഷങ്ങളിലെ രജിസ്റ്ററുകളിൽ ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ പേജ് നമ്പരിട്ട് പേജ് സർട്ടിഫിക്കറ്റ് എഴുതി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

c) 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലെ പേബിൽ രജിസ്റ്ററുകളിലും പേജ് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തിയിട്ടില്ല. പല ജീവനക്കാരുടെയും ഔദ്യോഗിക നാമം, സർവ്വീസ് വിവരങ്ങൾ എന്നിവ എഴുതിയിട്ടില്ല. ന്യൂനത പരിഹരിയ്ക്കേണ്ടതും വിശദീകരണം നൽകേണ്ടതുമാണ്.

4. **കണ്ടിജന്റ് ബിൽ രജിസ്റ്റർ.**

ഓരോ ശീർഷകത്തിനും പ്രത്യേകം പ്രത്യേകം പേജ് നീക്കിവച്ച് രേഖപ്പെടുത്തൽ വരുത്തിക്കാണുന്നില്ല. പല ശീർഷകങ്ങളിലും സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുള്ള തുകകൾ യഥാസമയം സറണ്ടർ ചെയ്തതായി രേഖപ്പെടുത്തിക്കാണുന്നില്ല. വിശദീകരണം നൽകേണ്ടതാണ്.

5. **ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

ഈ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്ത പക്ഷം KFC Vol I Art.63 പ്രകാരമുള്ള ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ അടിയന്തിരമായി പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6. **ഇലക്ട്രോണിക് ഉപകരണങ്ങളുടെ രജിസ്റ്റർ**

പ്രസ്തുത രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. **ഇൻകുംബന്റ് രജിസ്റ്റർ.**

ഈ ആഫീസിൽ ഇൻകുംബന്റ് രജിസ്റ്റർ പരിപാലിച്ചു കാണുന്നില്ല. രജിസ്റ്റർ പരിപാലിച്ച് അറിയിക്കേണ്ടതാണ്.

8. **ആസ്തി രജിസ്റ്റർ**

ആസ്തി രജിസ്റ്റർ പരിപാലിച്ച് വരുന്നില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. **ലംപ്സം ഗ്രാന്റ് ഓഡിറ്റ് രജിസ്റ്റർ**

രജിസ്റ്റർ പരിപാലിച്ചു വരുന്നു. എന്നാൽ ടി രജിസ്റ്ററിൽ പേജ് നം., പേജ് സർട്ടിഫിക്കറ്റ് എന്നിവ ഇല്ല. ഒരോ സ്ക്കൂളിനും വേണ്ടി പാസ്സാക്കിയ തുക, സ്ക്കൂളുകളിൽ നിന്നും അക്വിറ്റൻസ് ലഭ്യമായ തീയതി, നീക്കിയിരിപ്പ് തുക, തിരിച്ചടച്ച തുകയും തീയതിയും എന്നിവ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പല സ്കൂളുകളും വിതരണം ചെയ്ത തുക ആയതിനായി നിശ്ചയിച്ചിട്ടുള്ള കോളങ്ങളിൽ ചേർത്തു കാണുന്നില്ല. രജിസ്റ്റർ ശരിയായ രീതിയിൽ പരിപാലിയ്ക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഭാഗം VI

**പൊതു അഭിപ്രായം**

ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്ന ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിനു സൗകര്യ പ്രദമായ സ്ഥല സൗകര്യം ലഭ്യമായിട്ടുണ്ട്. ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പ്രവർത്തനം പൊതുവേ തൃപ്തികരമാണ്. ഫയലുകളും രജിസ്റ്ററുകളും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. രണ്ടു ബ്ലോക്കുകളുടേയും കൂടി ചുമതല ഇരിക്കൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസർക്കുള്ള സാഹചര്യത്തിൽ ഒരു ക്ലാർക്കിന്റെയും ആഫീസ് അറ്റന്റന്റിന്റെയും സേവനം ലഭ്യമാക്കുന്നതിന് കണ്ണൂർ ജില്ലാ പട്ടികജാതി വികസന ആഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർക്കുവേണ്ടി
സീനിയർ ഫിനാൻസ് ഓഫീസർ

S 09.07.19